**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1223** **07-02-2023 - ൽ മറുപടിയ്ക്ക്**

**ചിറക്കൽപ്പടി-കാഞ്ഞിരപ്പുഴ റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചിറക്കൽപ്പടി-കാഞ്ഞിരപ്പുഴ റോഡ് നവീകരണവുമായി ബന്ധപ്പെട്ട റീടെൻഡറിന്റെ ഭാഗമായുള്ള ടെക്നിക്കൽ ബിഡ് തുറന്നത് ഏത് തീയതിയിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ചിറക്കൽപ്പടി കാഞ്ഞിരംപുഴ റോഡ് നവീകരണത്തിന്റെ ബാലൻസ് പ്രവൃത്തിയുടെ ടെണ്ടറിന്റെ ഭാഗമായിട്ടുള്ള ടെക്നിക്കൽ ബിഡ് 28.11.2022-ലാണ് തുറന്നത്. |
| (ബി) | റീടെൻഡർ നടപടികൾ പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം തീയതി ഉൾപ്പെടെ അറിയിക്കാമോ; | (ബി) | പ്രസ്തുത ടെണ്ടറിൽ ആറ് ദർഘാസുകളാണ് ലഭിച്ചത്. 28.11.2022-ൽ തുറന്ന ടെക്നിക്കൽ ബിഡ് പരിശോധിച്ച് 22.12.2022-ൽ കൂടിയ 115ാമത് ടെക്നിക്കൽ കമ്മിറ്റിയിൽ അംഗീകരിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 23.12.2022-ൽ ഫിനാൻഷ്യൽ ബിഡ് തുറന്നു. തുടർന്ന് പ്രൈസ് സോഫ്റ്റ്‌വെയറിൽ ടെണ്ടറിൽ പങ്കെടുത്ത എല്ലാ കരാറുകാരുടെയും ദർഘാസ് പ്രമാണങ്ങൾ അപ്‌ലോഡ് ചെയ്യുകയും ഏറ്റവും കുറച്ച് നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനോട് നെഗോസിയേഷൻ ആവശ്യപ്പെട്ട് കത്ത് നൽകുകയും ചെയ്തു. ആയതിന് കരാറുകാരൻ മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത ടെണ്ടർ അടുത്ത ടെണ്ടർ അപ്രൂവൽ കമ്മിറ്റിയിൽ അംഗീകാരത്തിനായി സമർപ്പിച്ചശേഷം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള കരാറുകാരന്റെ ടെണ്ടർ, ടെണ്ടർ അപ്രൂവൽ കമ്മിറ്റി അംഗീകരിച്ച് കിഫ്ബിയിലെ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാർ ഉടമ്പടി വെച്ച് കഴിഞ്ഞാൽ എട്ട് മാസത്തിനുള്ളിൽ നവീകരണ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. |
| (സി) | റീടെൻഡർ നടപടികളിൽ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | പ്രസ്തുത ടെണ്ടറിൽ ആറ് ദർഘാസുകളാണ് ലഭിച്ചത്. 28.11.2022-ൽ തുറന്ന ടെക്നിക്കൽ ബിഡ് പരിശോധിച്ച് 22.12.2022-ൽ കൂടിയ 115ാമത് ടെക്നിക്കൽ കമ്മിറ്റിയിൽ അംഗീകരിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 23.12.2022-ൽ ഫിനാൻഷ്യൽ ബിഡ് തുറന്നു. തുടർന്ന് പ്രൈസ് സോഫ്റ്റ്‌വെയറിൽ ടെണ്ടറിൽ പങ്കെടുത്ത എല്ലാ കരാറുകാരുടെയും ദർഘാസ് പ്രമാണങ്ങൾ അപ്‌ലോഡ് ചെയ്യുകയും |

| | | | |
|---|---|---|---|
| | | | ഏറ്റവും കുറച്ച് നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനോട് നെഗോസിയേഷൻ ആവശ്യപ്പെട്ട് കത്ത് നൽകുകയും ചെയ്തു. ആയതിന് കരാറുകാരൻ മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത ടെണ്ടർ അടുത്ത ടെണ്ടർ അപ്രൂവൽ കമ്മിറ്റിയിൽ അംഗീകാരത്തിനായി സമർപ്പിച്ചശേഷം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള കരാറുകാരന്റെ ടെണ്ടർ, ടെണ്ടർ അപ്രൂവൽ കമ്മിറ്റി അംഗീകരിച്ച് കിഫ്ബിയിലെ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാർ ഉടമ്പടി വെച്ച് കഴിഞ്ഞാൽ എട്ട് മാസത്തിനുള്ളിൽ നവീകരണ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ഡി) | ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള കരാറുകാരന്റെ ടെണ്ടർ, ടെണ്ടർ അപ്രൂവൽ കമ്മിറ്റി അംഗീകരിച്ച് കിഫ്ബിയിലെ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാർ ഉടമ്പടി വെച്ച് കഴിഞ്ഞാൽ എട്ട് മാസത്തിനുള്ളിൽ നവീകരണ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ